# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 937 01.03.2017-ൽ മറുപടിക്ക്

## നിലമ്പൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.വി. അൻവർ : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ നിലമ്പൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | എ നിലവിലുള്ള നിലമ്പൂർ ശുദ്ധജല വിതരണ പദ്ധതിയുടെ വേനൽക്കാല പമ്പിംഗിനാവശ്യമായ വെള്ളം ഉറപ്പ് വരുത്തുന്നതിനായി സ്രോതസ്സിന് സമീപം താൽക്കാലിക തടയണ സ്ഥാപിച്ച് വിതരണം നടത്തി വരുന്നുണ്ട്. ആയതിനു പുറമെ അറ്റകുറ്റ പണികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നുമുണ്ട്. കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ അധിക പമ്പിംഗിനാവശ്യമായ ക്രമീകരണങ്ങളും നടപ്പാക്കിയിട്ടുണ്ട്. ഇതിനു പുറമെ നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഭൂജലവകുപ്പ് മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിൽ ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ മഞ്ഞച്ചാൽ എന്ന സ്ഥലത്തും അമരമ്പലം ഗ്രാമപഞ്ചായത്തിലെ ആന്റണിക്കാട് എന്ന സ്ഥലത്തും കുഴൽ കിണറുകൾ നിർമ്മിച്ച് കൈപമ്പു സ്ഥാപിച്ചിട്ടുണ്ട്. |
| ബി നിലമ്പൂർ നഗരസഭയിലെ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിൽ തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ; എങ്കിൽ തടസ്സം നീക്കുവാനുള്ള നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ; | ബി നിലമ്പൂർ നഗരസഭയിലെ നിലമ്പൂർ കെ.എൻ.ജി റോഡിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി പി.ഡബ്ല്യു.ഡി-കെ.എസ്.റ്റി.പി ഡിവിഷനിൽ നിന്നും അനുമതി ലഭ്യമാകേണ്ടതുണ്ട്. 2760 m പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കെ.എസ്.റ്റി.പി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 23.03.2016-ൽ അപേക്ഷ നൽകിയിട്ടുണ്ട്. |
| സി റോഡ് വെട്ടിപ്പൊളിച്ചത് (പദ്ധതി നടപ്പിലാക്കുന്നതിന്) പുന:സ്ഥാപിക്കുന്നതിനായി എത്ര രൂപയാണ് വകയിരുത്തിയത് എന്നും എത്ര രൂപ അതിനായി അടച്ചു എന്നും വ്യക്തമാക്കുമോ ; ബാക്കി തുക അടയ്ക്കാൻ ഉണ്ടെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | സി റോഡുകൾ പൊളിച്ച് പുനസ്ഥാപിക്കുന്നതിനായി 485 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 114.02 ലക്ഷം രൂപ പി.ഡബ്ല്യു.ഡി-കെ.എസ്.റ്റി.പി ഡിവിഷനുകളിൽ അടവാക്കിയിട്ടുണ്ട്. ബാക്കി ഭാഗങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി തുക അടവാക്കുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ